# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>നെല്ല് സംഭരണം</u>

3045 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ മേഖലയിൽ നെല്ല് സംഭരണം തുടങ്ങിയിട്ടുണ്ടോ;

(ബി) നെല്ല് സംഭരണത്തിനായി സ്വകാര്യമില്ലുടമകളെ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സംഭരണം കൃത്യമായി നടക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്യാറുണ്ടോ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>നെല്ല് സംഭരണ സംവിധാനം</u>

3046 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നെല്ല് സംഭരണത്തിനായി ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത് ;

(സി) കർഷകർക്ക് പ്രതിഫലം കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ സംഭരണ കാലയളവിൽ എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ മില്ലുകളിൽ നെല്ലുകുത്തുന്നതിലെ ക്രമക്കേടുകൾ</u>

3047 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസുമായുള്ള കരാർ അനുസരിച്ച് നെല്ലു കുത്തുന്ന സ്വകാര്യമില്ലുകൾ അരി സ്വന്തം ബ്രാൻഡായി, ഉയർന്ന വിലയ്ക്ക് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കടകളിലൂടെ നിലവാരം കുറഞ്ഞതും ഗുണമേന്മയില്ലാത്തതുമായ കുത്തരി വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സപ്ലൈകോയുടെ കീഴിലുള്ള വിജിലൻസ് വിഭാഗം റെയ്ഡ് നടത്തി സ്വകാര്യ മില്ലുകളിൽ നെല്ല് കുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ നെല്ല് സംഭരണം

3048 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എത്ര കർഷകർക്ക് നെല്ല് സംഭരിച്ചതിന്റെ തുക ഇനിയും നൽകുവാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ നെല്ല് സംഭരിക്കുന്നതിന് കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നെൽകർഷകർക്കു നൽകാനുള്ള കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിന് ഒരു റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>നെന്മാറ മണ്ഡലത്തിലെ നെല്ലു സംഭരണം</u>

3049 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ കർഷകരിൽ നിന്നും കഴിഞ്ഞ സീസണിൽ എത്ര നെല്ല് താങ്ങു വിലയ്ക്ക് സംഭരിച്ചു;

(ബി) നെന്മാറ മണ്ഡലത്തിലെ നെല്ലുസംഭരണം സംബന്ധിച്ച പഞ്ചായത്തുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കർഷകർക്ക് നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ടോ; കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>റേഷൻ സാധനങ്ങൾ കടകളിൽ നേരിട്ട്</u>
<u>എത്തിക്കുന്നതിന് നടപടി</u>

3050 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ**
**സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടവഴി വിതരണം ചെയ്യുന്ന സാധനങ്ങൾ കൃത്യമായ അളവിൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഹോൾസെയിൽ ഡിപ്പോകളിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിൽ ഗണ്യമായ കുറവുണ്ടാകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ തലത്തിൽ റേഷൻ സാധനങ്ങൾ കടകളിൽ നേരിട്ട് എത്തിക്കുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ഗ്രാമീണ മേഖലയിലെ സൗകര്യങ്ങൾ

3051

ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. ദാസൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച പരിശോധന നടത്താൻ ഭക്ഷ്യവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എത്ര പേർക്ക് ബാങ്ക് അക്കൗണ്ട് ഉണ്ട്; വിശദമാക്കുമോ;

(ബി) ഗ്രാമീണ മേഖലയിലെ ബാങ്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തതയെ സംബന്ധിച്ചും പാവപ്പെട്ടവരുടെ വാങ്ങൽ ശേഷി സംബന്ധിച്ചും പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) സാധനങ്ങൾ വാങ്ങിയതിന്റെ തെളിവ് ഹാജരാക്കിയാൽ സബ്സിഡി അനുവദിക്കും എന്ന നിലപാട് പിൻവലിക്കാൻ തയ്യാറാകുമോ; ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് തീരുമാനം എടുക്കാൻ കേന്ദ്രം സമ്മതിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

എ. പി. എൽ., ബി. പി. എൽ. കാർഡ് ഉടമകൾക്ക് ഗോതമ്പ്

3052 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ. പി. എൽ., ബി. പി. എൽ. കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്നതിനായി ഓരോ മാസവും എത്ര ടൺ ഗോതമ്പാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരിക്കുന്നത്;

(ബി) കൂടുതൽ ഗോതമ്പ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വിലക്കയറ്റം തടയാൻ നടപടി</u>

3053

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മാർക്കറ്റിൽ ഇടപെടുന്ന ഏജൻസികൾക്കു വേണ്ടി സാധനങ്ങൾ വാങ്ങുന്നതിന് ഇടനിലക്കാർ പ്രവർത്തിക്കുന്നതായി അറിയാമോ;

(സി) എങ്കിൽ അവരെ ഒഴിവാക്കി നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിനും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

വിലക്കയടം പിടിച്ചുനിർത്താൻ നടപടി

3054 ശ്രീ. എ. കെ. ബാലൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' ബാബു എം. പാലിശ്ശേരി
ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം കുടുംബ ബഡ്ജറ്റുകളെ താളം തെറ്റിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിത്യോപയോഗ സാധനങ്ങൾക്കുണ്ടായ വിലക്കയറ്റവും ഉപഭോക്തൃ വില സൂചികയിലുണ്ടായ അന്തരവും സംബന്ധിച്ച് വിലയിരുത്തുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ;

(സി) വിലക്കയറ്റത്തെ പിടിച്ചുനിർത്താൻ ചെലവഴിച്ചതുക എത്ര; നടപടികൾ എന്തൊക്കെ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

ഓപ്പൺ മാർക്കറ്റിൽ അരിക്ക് ഉണ്ടായ വിലവർദ്ധനവ്

3055 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അരിക്ഷാമവും വിലവർദ്ധനവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ രണ്ട് മാസംകൊണ്ട് ഓപ്പൺ മാർക്കറ്റിൽ അരിക്ക് എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ എഫ്.സി.ഐ. ഗോഡൗണുകളിൽ വിതരണം ചെയ്യാതെ കെട്ടിക്കിടന്ന് നശിക്കുന്ന എത്ര ടൺ അരിയുണ്ട് എന്നും എഫ്.സി.ഐ. ഗോഡൗണുകളിൽ അരി എത്രകാലത്തോളം സൂക്ഷിക്കുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുളളിൽ ഇങ്ങനെ വിതരണം ചെയ്യാതെ ഉപയോഗശൂന്യമായ എത്ര ടൺ അരി നശിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

അവശ്യസാധനങ്ങളുടെ ദൗർലഭ്യം

3056 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ ഇ-ടെൻഡർ നടപടി നിർത്തി വച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുമൂലം കോർപ്പറേഷന്റെ വിപണനശാലകളിൽ അവശ്യ സാധനങ്ങൾ ലഭ്യമല്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അവശ്യ വസ്തുക്കളുടെ വില ഉയരുന്നസാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസമായ രീതിയിൽ കമ്പോളത്തിൽ ഇടപെടുന്നതിന് കോർപ്പറേഷൻ ശക്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>അരിവില വർദ്ധന</u>

3057 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേൽക്കുമ്പോൾ മട്ട അരിയുൾപ്പെടെയുളള അരി വില മൊത്ത വിപണിയിൽ എത്രയായിരുന്നു; തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആയത് 2012 ഡിസംബർ 5 ആയപ്പോൾ മൊത്ത വിപണിയിൽ എത്ര കണ്ട് വർദ്ധിച്ചുവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; ഇത് ചെറുകിട വ്യാപാരികളിൽ എത്തുമ്പോൾ വില എത്രയായി വർദ്ധിക്കും; വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗോഡൗണുകളിൽ നിന്നും എത്ര ടൺ അരി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തിരുന്നു; ആയത് ഈ സർക്കാർ വന്നതിനുശേഷം എത്ര കണ്ട് കുറഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ഡി) റേഷൻകടകളിൽ വിതരണം ചെയ്യാനുള്ള അരി സർക്കാർ സമയത്ത് ഇടപെടാത്തതു കാരണം കത്തിച്ചുകളഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ടൺ അരിയാണ് സർക്കാർ വന്നതിനുശേഷം കത്തിച്ച് നശിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; ഇത് വിപണിയിൽ അരിവില നിലയിൽ വർദ്ധിക്കുവാൻ കാരണമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) മൊത്ത വിപണിയിലെ അരിവില വർദ്ധന തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പെട്രോൾ പമ്പുകളിലെ വിപണന കൃത്യത</u>

3058

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിലെ ഉല്പന്നങ്ങളുടെ ഗുണനിലവാരം / അളവ് എന്നിവ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ബി) കൃത്യമായ വിപണനം ഉറപ്പാക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ആവിഷ്ക്കരിക്കാനുള്ളത് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

പാമോയിൽ ഇറക്കുമതി

3059 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. ദാസൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തീരുവ ഇല്ലാതെ പാമോയിൽ ഇറക്കുമതി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻവർഷങ്ങളിലേതിനേക്കാൾ ഇരട്ടിയിലധികം പാമോയിൽ ഇറക്കുമതി ഈ വർഷം നടത്തിയിട്ടുള്ളതായി അറിയുമോ; ആസിയാൻ കരാറിന്റെ ഭാഗമായി തൽപ്പരകക്ഷികൾ സൃഷ്ടിക്കുന്ന സമ്മർദ്ദമാണിതിന് കാരണമായിട്ടുള്ളതെന്നറിയുമോ;

(സി) വെളിച്ചെണ്ണ കയറ്റുമതി കൊച്ചിയിൽ നിന്നുമാത്രം പരിമിതപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടാണ്; അന്വേഷിച്ചിട്ടുണ്ടോ;

(ഡി) പാമോയിൽ ഇറക്കുമതി നിർത്തിവയ്ക്കാൻ സംസ്ഥാനം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ഭക്ഷ്യവസ്തുക്കളിലെ മായം

3060 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിനായി എന്ത് സംവിധാനമാണ് നിലവിലുള്ളത് ; പ്രസ്തുത സംവിധാനം കാര്യക്ഷമമാണോ; മായമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു :

(ബി) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്ത് വിറ്റതിന് 2011 മേയ് മാസം 1 മുതൽ നവംബർ 30 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ് കേസ് എടുത്തത് : വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ഹോട്ടലുകൾക്ക് ഗ്രേഡിംഗ്

3061 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ഹോട്ടലുകൾക്ക് ഗ്രേഡിംഗ് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് മാനദണ്ഡമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

## ഹോട്ടലുകളുടെ ഗ്രേഡിംഗ്

3062 ശ്രീ. സി. ദിവാകരൻ
,, ഇ.കെ. വിജയൻ
,, കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്ക് നിലവാരമനുസരിച്ച് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ ഹോട്ടലുകളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതുണ്ടെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി) പാചകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങളുടെ പരിശോധനയ്ക്കായി എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്, പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

## ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം

3063

ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നത് കേന്ദ്രീകൃതമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

മാവേലി ഹോട്ടലുകൾ

3064 ശ്രീ. ആർ. സെൽവരാജ്
''ഐ. സി. ബാലകൃഷ്ണൻ
''ഡൊമിനിക് പ്രസന്റേഷൻ
''ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മാവേലി ഹോട്ടലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കൂടുതൽ മാവേലി ഹോട്ടലുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) മാവേലി ഹോട്ടലുകൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് നൽകുന്നത്?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില</u>

3065 ശ്രീ. കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില ഏകീകരിക്കുന്നതിനായി ഹോട്ടലുകളെ തരംതിരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിന്മേലുള്ള നടപടി സമയബന്ധിതമായി പൂർത്തിയാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഹോട്ടൽ ഭക്ഷണത്തിന്റെ വില നിലവാരം</u>

3066 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. രാജു
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ വില നിലവാരം നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

ഫുഡ്ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികൾ

3067 ശ്രീ. കെ. അച്ചുതൻ
''ഹൈബി ഈഡൻ
''ജോസഫ് വാഴക്കൻ
''ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫുഡ്ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ;

(ബി) ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇവയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്ത്തുക മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) എത്ര ലബോറട്ടറികളാണ് ഈ വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>മായം ചേർക്കൽ</u>

3068 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മായം കലർന്നതും ഗുണനിലവാരം ഇല്ലാത്തതുമായ ഭക്ഷണ സാധനങ്ങളും നിത്യോപയോഗ സാധനങ്ങളും വ്യാപകമായി വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മായം ചേർക്കുന്നതു കണ്ടെത്തുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഹോട്ടലുകളിലും മറ്റും ലഭിക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം നിരന്തരം ഉറപ്പുവരുത്തുന്നതിന് പുതിയ സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

ആംവേ ഉൽപന്നങ്ങളുടെ ഗുണനിലവാരം
ഉറപ്പാക്കുന്ന നടപടി

3069

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലേതിനേക്കാൾ നാലിരട്ടി വിലയിൽ വില്ക്കപ്പെടുന്ന ആംവേയുടെ ഉത്പന്നങ്ങൾ ഗുണനിലവാരമുള്ളതാണോ എന്ന് സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആംവേയുടെ എത്ര ഇനം ഉത്പന്നങ്ങൾ ആണ് വിപണിയിൽ ഉള്ളത് എന്നും, അതിൽ എത്ര എണ്ണത്തിന് ഗുണനിലവാരം ഉണ്ട് എന്നും, എത്ര എണ്ണത്തിന് ഗുണനിലവാരമില്ല എന്നുമുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ആംവേയുടെ ഏതെല്ലാം ഉത്പന്നങ്ങൾക്കാണ് ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്;

(ഡി) ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എങ്കിൽ പ്രസ്തുത ഉത്പന്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

റേഷൻ കാർഡുകൾക്കുള്ള അപേക്ഷ

3070 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റേഷകാർഡ് നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) റേഷൻ കാർഡുകൾക്കുള്ള എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട് ;

(സി) റേഷൻ കാർഡ് വിതരണത്തിനായി എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>അനർഹരുടെ ബി. പി. എൽ. റേഷൻ കാർഡ്</u>

3071

ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പലരും അനർഹമായി ബി. പി. എൽ. റേഷൻ കാർഡ് നേടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റേഷന്‍ കാര്‍ഡിനുള്ള അപേക്ഷകള്‍</u>

3072 ശ്രീ. കെ. വി. അബ്ദുള്‍ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ കാര്‍ഡിനുവേണ്ടി വിവിധ താലൂക്കാഫീസുകളില്‍ ലഭിച്ച എത്ര അപേക്ഷകളിന്‍മേല്‍ തീരുമാനം എടുക്കാന്‍ ബാക്കി ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റവും കൂടുതല്‍ അപേക്ഷകള്‍ കെട്ടിക്കിടക്കുന്നത് ഏത് താലൂക്കിലാണ്;

(സി) ഏജന്റുമാര്‍ വഴി റേഷന്‍ കാര്‍ഡിനുള്ള അപേക്ഷ സ്വീകരിക്കുന്നതിന് പിന്നില്‍ അഴിമതി നടക്കുന്നതായി ആക്ഷേപങ്ങള്‍ ഉണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റേഷൻകടയുടമകളുടെ കമ്മീഷൻ</u>

3073 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടയുടമകൾക്ക് നൽകിവരുന്ന കമ്മീഷൻ എത്ര; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷൻ നിരക്ക് അവസാനമായി വർദ്ധിപ്പിച്ചത് എപ്പോൾ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കമ്മീഷൻ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിച്ച നിരക്ക് എത്രയാണ്; വ്യക്തമാക്കുമോ;

(ഡി) സർക്കാർ വർദ്ധിപ്പിച്ച കമ്മീഷൻ എന്നുമുതൽ റേഷൻ വ്യാപാരികൾക്ക് നൽകിത്തുടങ്ങി; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>റേഷന്‍ വിതരണം കാര്യക്ഷമമാക്കാന്‍ സംവിധാനം</u>

3074

ശ്രീ. വി. റ്റി. ബല്‍റാം
,, ഡൊമിനിക് പ്രസന്റേഷന്‍
,, ജോസഫ് വാഴക്കന്‍
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ സാധനങ്ങളുടെ ലഭ്യത മൊബൈല്‍ ഫോണിലൂടെ ഉറപ്പാക്കാന്‍ കഴിയുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുവാന്‍ ഈ സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്താനാകും എന്നാണ് ലക്ഷ്യമിടുന്നത്;

(സി) എന്തെല്ലാം സഹായങ്ങളാണ് ഈ സംവിധാനം വഴി ഉപഭോക്താവിന് ലഭിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) വിവരങ്ങള്‍ കൃത്യമായി അറിയിക്കുന്നതിന് ഭരണതലത്തില്‍ എന്തെല്ലാം സജ്ജീകരണങ്ങള്‍ ഒരുക്കിയിട്ടുണ്ട് ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റേഷന്‍ സാധനങ്ങളുമായി പോകുന്ന വാഹനങ്ങള്‍</u>

3075 ശ്രീ. ബെന്നി ബെഹനാന്‍
'' റ്റി. എന്‍. പ്രതാപന്‍
'' വി. റ്റി. ബല്‍റാം
'' ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ സാധനങ്ങളുടെ കരിഞ്ചന്ത തടയുന്നതിന് എന്ത് സംവിധാനമാണ് ജി. പി. ആര്‍.എസ്സില്‍ ഉള്‍പ്പെടുത്തിയിട്ടുളളത്; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ഈ സംവിധാനം നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റേഷൻമേഖലയിലെ പ്രശ്നങ്ങൾ</u>
<u>പഠിക്കുവാൻ കമ്മീഷൻ</u>

3076 ശ്രീ. പി.എ. മാധവൻ
,, കെ. മുരളീധരൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏകാംഗകമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങൾ പരിശോധിക്കുന്നതിനാണ് കമ്മീഷനെ നിയോഗിച്ചിട്ടുളളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും റേഷൻകടകളുടെ പ്രവർത്തനം സുതാര്യവും ജനോപകാരപ്രദവുമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച റിപ്പോർട്ട് എന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് എ.എ.വൈ. റേഷൻ കാർഡുകൾ</u>

3077

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എ.എ.വൈ. കാർഡുകളുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര എ.എ.വൈ. റേഷൻ കാർഡുകൾ കുറവു ചെയ്തുവെന്ന് അറിയിക്കുമോ;

(ബി) റേഷൻ കാർഡുടമ മരണമടഞ്ഞതിനാൽ കുറവുവന്ന എ.എ.വൈ. കാർഡുകൾക്ക് പകരം അർഹരായവർക്ക് എ.എ.വൈ. കാർഡുകൾ അനുവദിച്ചു നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പുതിയ എ.എ.വൈ. കാർഡുകൾ നൽകിയെന്ന് അറിയിക്കുമോ;

(സി) അർഹരായ നിരവധി പേർക്ക് എ.എ.വൈ. കാർഡ് നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ</u>

3078 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സബ്സിഡി ഇനത്തിൽ ഏതെല്ലാം സാധനങ്ങളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത് എന്നറിയിക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും സാധനങ്ങളെ സബ്സിഡിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ അവ ഏതൊക്കെയാണെന്നും ഒഴിവാക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ വില നിലവാരം</u>

3079

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ വില നിലവാരം എല്ലാ മാസവും ഒന്നാം തീയതി പത്രങ്ങളിൽ പരസ്യം നൽകാറുണ്ടോ;

(ബി) ഏത് മാസം വരെ ഈ രീതിയിൽ വില നിലവാരം പരസ്യം നൽകിയിട്ടുണ്ട്;

(സി) ഇപ്പോൾ ഏത് തീയതികളിലാണ് പരസ്യം നൽകുന്നത്; ഏത് മാസത്തിലാണ് അവസാനമായി പരസ്യം നൽകിയത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>എലവഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ</u>

3080 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോർ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എലവഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നടപടി ഏതു ഘട്ടം വരെയായി; വിശദാംശം നൽകുമോ;

(സി) മണ്ഡലത്തിൽ മാവേലി സ്റ്റോർ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ആയത് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ന്യായവില മെഡിക്കല്‍ ഷോപ്പുകള്‍</u>

3081 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര ന്യായവില മെഡിക്കല്‍ ഷോപ്പുകള്‍ പ്രവര്‍ത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതല്‍ ന്യായവില മെഡിക്കല്‍ ഷോപ്പുകള്‍ തുടങ്ങാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും ഓരോ ന്യായവില മെഡിക്കല്‍ ഷോപ്പ് ആരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>മണ്ണെണ്ണ പെർമിറ്റ് പരിശോധന</u>

3082 ശ്രീ. പി. കെ. ഗുരുദാസൻ
,, എസ്. ശർമ്മ
,, സി. കൃഷ്ണൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പ് ഫിഷറീസ് വകുപ്പുമായി ചേർന്ന് മണ്ണെണ്ണ പെർമിറ്റ് പരിശോധന നടത്തുന്നുണ്ടോ ;

(ബി) അവസാനമായി ഇത് എന്നാണ് നടത്തിയത് ;

(സി) ഇത്തരം പരിശോധന നടക്കാത്തതുമൂലം മണ്ണെണ്ണ കരിഞ്ചന്തയിലേക്ക് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് തടയുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>മണ്ണെണ്ണ മറിച്ചുവിൽക്കൽ</u>

3083 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ഇല്ലാത്ത എത്ര കാർഡ് ഉടമകൾക്ക് അധിക മണ്ണെണ്ണ നൽകുന്നുണ്ട് ; വ്യക്തമാക്കുമോ ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം നടന്ന സ്ഥലങ്ങളിൽ അധിക മണ്ണെണ്ണ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ മണ്ണെണ്ണ മറിച്ചു വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ ആരെങ്കിലും സർക്കാർ സഹായം ദുരുപയോഗപ്പെടുത്തുന്നുണ്ടോ; വസ്തുതകൾ പരിശോധിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

പാചക വാതക സിലിണ്ടർ വിതരണ നിയന്ത്രണം

3084

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാചക വാതക സിലിണ്ടർ വിതരണം കൃത്യമായി നടപ്പിലാക്കുന്നതിന് വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ജോലികളുടെ വിശദാംശം അറിയിക്കുമോ;

(ബി) ഈ രംഗത്ത് നിലനിൽക്കുന്ന ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിന് പുതിയ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇല്ലായെങ്കിൽ ഇത്തരം പരിപാടികൾക്ക് രൂപം കൊടുക്കുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

3085 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിക്കായി നൽകിയ അരിയിൽ പുഴുക്കളും പൂപ്പലും ഉണ്ടായിരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അരിയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും അരി വിതരണം തടസ്സപ്പെടാതിരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും 2012-13 വർഷത്തിൽ എത്ര ഫണ്ട് ലഭിച്ചിട്ടുണ്ട്; ആയതിൽ എത്ര തുക ചെലവഴിച്ചു. വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകൾ</u>

3086

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്; എവിടെയെല്ലാം; വിശദമാക്കുമോ;

(ബി) എത്ര മാവേലി സ്റ്റോറുകൾ അടച്ചുപൂട്ടി ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

മാവേലി സ്റ്റോറുകളെ സൂപ്പര്‍ മാര്‍ക്കറ്റുകള്‍ ആക്കുന്ന നടപടി

3087 ശ്രീ. സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന മാവേലി സ്റ്റോറുകളെ സൂപ്പര്‍ മാര്‍ക്കറ്റുകള്‍ ആക്കാന്‍ ഉദ്ദേശ്യമുണ്ടോ; ഇത്തരത്തില്‍ ഉള്ള മാറ്റം കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം എന്താണ്;

(ബി) ഇതു കൊണ്ട് ജീവനക്കാരുടെ എണ്ണം എത്രകണ്ട് കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്; മനേജര്‍ അടക്കം ഉള്ള ജീവനക്കാരുടെ സേവനഘടനയില്‍ മാറ്റംവരുത്താന്‍ ഉദ്ദേശ്യമുണ്ടോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ഏറനാട് മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ</u>

3088

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്; അവ ഏതൊക്കെ ജില്ലകളിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ; ഏറനാട് മണ്ഡലത്തിലെ വെറ്റിലപ്പാറ, കീഴുപറമ്പ എന്നിവിടങ്ങളിൽ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോറുകൾ എപ്പോൾ പ്രവർത്തനം ആരംഭിക്കും ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>അന്തിക്കാട് പഞ്ചായത്തിൽ മാവേലി സ്റ്റോർ</u>

3089

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തിക്കാട് പഞ്ചായത്തിലെ പടിയത്ത് പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ മണ്ഡലത്തിൽ മാവേലിസ്റ്റോർ</u>

3090 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കുട്ടനാട്ടിൽ സപ്ലൈകോയുടെ പുതിയ വിപണന കേന്ദ്രങ്ങൾ</u>

3091

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോർ, സപ്ലൈകോ സൂപ്പർ മാർക്കറ്റ് (ലാഭം മാർക്കറ്റ്), പീപ്പിൾ ബസാർ, മാവേലി മെഡിക്കൽ സ്റ്റോർ, മൊബൈൽ മാവേലി സ്റ്റോർ എന്നിവ കുട്ടനാട്ടിൽ പുതുതായി ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

മഞ്ഞപ്പിത്തം ബാധിച്ച കുടുംബങ്ങൾക്ക് സൗജന്യ റേഷൻ

3092 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പേരാവൂർ നിയോജക മണ്ഡലത്തിൽ കേളകം പഞ്ചായത്തിലെ അടക്കാത്തോട്ടിൽ മഞ്ഞപ്പിത്തം ബാധിച്ച കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

മോനിപ്പളളിയിൽ സപ്ലൈകോ ഔട്ട്ലെറ്റ്

3093 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മോനിപ്പളളിയിൽ സപ്ലൈകോ സൂപ്പർമാർക്കറ്റോ മാവേലിസ്റ്റോറോ തുടങ്ങുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ യുടെ ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഔട്ട്ലെറ്റ് തുടങ്ങുന്നതിനായി ഷോപ്പ് ഏറ്റെടുത്ത് നൽകാം എന്നറിയിച്ച് നൽകിയ കത്തിൽ സപ്ലൈകോ എന്ത് നിലപാട് സ്വീകരിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വൈത്തിരി താലൂക്ക് സപ്ലൈ ഓഫീസ് മാറ്റുന്നതിന് നടപടി</u>

3094

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് സപ്ലൈ ഓഫീസ് സ്ഥലപരിമിതിയിൽ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് കൽപ്പറ്റയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസ് സൗകര്യപ്രദമായ മറ്റേതെങ്കിലും കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

കൊരട്ടി ഗവൺമെന്റ് സെക്യൂരിറ്റി പ്രസ്സിന് മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടി

3095 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ കേന്ദ്ര ഗവൺമെന്റ് പ്രസ്സിന് മണ്ണെണ്ണ അനുവദിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>എ. പി. എൽ., ബി. പി. എൽ. വിഭാഗങ്ങൾക്ക് അനുവദിച്ച അരി</u>

3096 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിൽ കഴിഞ്ഞ 6 മാസക്കാലയളവിൽ റേഷൻ കടകളിൽ എ. പി. എൽ., ബി. പി. എൽ. വിഭാഗങ്ങൾക്ക് വിതരണം ചെയ്യുവാൻ എത്ര ടൺ അരി അനുവദിച്ചിട്ടുണ്ട് ; അനുവദിച്ച അരി മുഴുവൻ റേഷൻ കടയുടമകൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ആയതിൽ എ. പി. എൽ. വിഭാഗക്കാർക്ക് എത്ര തുകയുടെ അരിയാണ് അനുവദിച്ചിട്ടുള്ളത് ; ഈ അരിമുഴുവൻ കടയുടമകൾ ഏറ്റെടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

എഫ്.സി.ഐ. ഗോഡൗണിൽ അരി കത്തിച്ചുകളയാനിടയായ സാഹചര്യം

3097 ശ്രീ. എസ്. ശർമ്മ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. റ്റി. എ. റഹീം
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുളങ്കുന്നത്തുകാവ് എഫ്.സി.ഐ. ഗോഡൗണുകളിൽ ടൺകണക്കിന് അരി കത്തിച്ചുകളയാനിടയായ സാഹചര്യം അറിയാമോ;

(ബി) കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര ടൺ അരിയാണ് ഇവിടെ കത്തിച്ചുകളയുകയും കുഴിച്ചുമൂടുകയും ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സർക്കാർ ഉത്തരവുണ്ടായിട്ടും അരി വിതരണം ചെയ്യാൻ സംസ്ഥാന സർക്കാർ നിർദ്ദേശമോ ഉത്തരവോ നൽകാത്തതിനാലാണ് അരി കെട്ടി കിടക്കാനും നശിപ്പിച്ചുകളയാനും ഇടയായതെന്നത് ഗൗരവമായി കാണുന്നുണ്ടോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>തൃശൂർ എഫ്.സി.ഐ ഗോഡൗണുകളിൽ അരി നശിപ്പിച്ച നടപടി</u>

3098 ശ്രീ. കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃശൂരിലെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് അരി നശിപ്പിച്ച നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പഴയകുന്നുമ്മേൽ പഞ്ചായത്തിൽ പുതിയ റേഷൻകട</u>

3099 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ഷെഡിൽകടയിൽ പുതിയ റേഷൻകട അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൻ മേൽ എന്ത് നടപടി സ്വീകരിച്ചു വിശദമാക്കാമോ;

(ബി) പുതിയ റേഷൻകട അനുവദിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഭൂമിയുടെ ന്യായവില</u>

3100 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "ഭൂമിയുടെ ന്യായവില" പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ബാധകമായ ചിട്ടി നിയമം</u>

3101 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാധകമായ ചിട്ടി നിയമം ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ചിട്ടി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) അന്യസംസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത എത്ര ചിട്ടി കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(ഡി) കേരളത്തിൽ രജിസ്റ്റർ ചെയ്ത എത്ര ചിട്ടികമ്പനികൾ ചിട്ടി നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ലക്ഷങ്ങളുടെ ചിട്ടി നടത്തുന്ന കമ്പനികളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കമ്പനികളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>ചെറുവത്തൂരിൽ പുതിയ സബ് രജിസ്ട്രാർ ഒഫീസ്</u>

3102 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനായി വർഷങ്ങൾ മുൻപേ നിവേദനങ്ങൾ നൽകിയിട്ടും ഓഫീസ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി എവിടെയെല്ലാം സബ് രജിസ്ട്രാർ ഓഫീസ് അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ആധാരമെഴുത്തുകാരുടെ പെന്‍ഷന്‍ പദ്ധതിയും
രജിസ്ട്രേഷന്‍ വകുപ്പിലെ ഓണ്‍ലൈന്‍ സമ്പ്രദായവും

3103 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആധാരമെഴുത്തുകാരുടെ പെന്‍ഷന്‍ പദ്ധതിയില്‍ പ്രകാരം എത്ര പേര്‍ക്ക് പെന്‍ഷന്‍ നല്‍കുന്നുണ്ട്;വ്യക്തമാക്കാമോ;

(ബി) രജിസ്ട്രേഷന്‍ വകുപ്പില്‍ ഓണ്‍ ലൈന്‍ പദ്ധതി വ്യാപകമാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതി ആധാരമെഴുത്തുകാരെ നിലനിര്‍ത്തിക്കൊണ്ടുള്ള പരിഷ്കാരമായിരിക്കുമോ;

(സി) ഈ-സ്റ്റാമ്പിംഗ് 20,000 രൂപ വരെയുള്ളവ സ്റ്റാമ്പ് പേപ്പറിലും അതില്‍ കൂടുതല്‍ വരുന്ന മുദ്രപത്രത്തിനും മാത്രം ഇ-സ്റ്റാമ്പിംഗും നടത്താന്‍ തീരുമാനിച്ചാല്‍ വെണ്ടര്‍മാരുടെ ഉപജീവന മാര്‍ഗ്ഗം നിലയ്ക്കാതിരിയ്ക്കും എന്നത് സര്‍ക്കാര്‍ ശ്രദ്ധിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കേളകം ആസ്ഥാനമായി പുതിയ സബ് രജിസ്ട്രാർ ആഫീസ്</u>

3104 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേളകം ആസ്ഥാനമായി പുതിയ സബ് രജിസ്ട്രാർ ആഫീസ് ആരംഭിക്കുന്നതിനുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കി സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

കോട്ടുക്കൽ സബ് രജിസ്ട്രാർ ആഫീസ്

3105 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ കോട്ടുക്കൽ സബ് രജിസ്ട്രാർ ആഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പുളിങ്കുന്ന് സബ് രജിസ്ട്രാർ ഓഫീസ് സൗകര്യം</u>

3106

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് സബ് രജിസ്ട്രാർ ഓഫീസിലെ രജിസ്റ്ററുകളും മറ്റ് രേഖകളും തറയിൽ സൂക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസ് ഉപയോഗത്തിനാവശ്യമായ ഫർണീച്ചറും കമ്പ്യൂട്ടറും അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഭൂമി രജിസ്റ്റർ ചെയ്ത സംഭവം</u>

3107

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ വിദേശ പൗരൻ ഭൂമി രജിസ്റ്റർ ചെയ്ത് വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സബ് രജിസ്ട്രാർ ഓഫീസുകളിൽ നൈറ്റ് വാച്ചർമാരെ നിയമിക്കാൻ നടപടി</u>

3108 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്റ്റാർ ഓഫീസുകളിൽ രാത്രി കാലങ്ങളിൽ മോഷണങ്ങൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോഷണം തടയാനായി നൈറ്റ് വാച്ചർമാരെ നിയമിക്കുന്നത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ നൈറ്റ് വാച്ചർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിലെ ഡ്രൈവർമാർക്ക്</u>
<u>റേഷ്യോ പ്രമോഷൻ</u>

3109 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം അനുവദിച്ച റേഷ്യോ പ്രമോഷൻ രജിസ്ട്രേഷൻ വകുപ്പിലെ ഡ്രൈവർമാർക്ക് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് അനുവദിക്കാതിരുന്നത് ; വിശദമാക്കാമോ ;

(ബി) 2012-ൽ ഇപ്രകാരം ആനുകൂല്യം ലഭിക്കേണ്ടിയിരുന്ന ഇവർക്ക് ഇതേവരെ പ്രമോഷൻ അനുവദിച്ച് ഉത്തരവ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ഡി) അപേക്ഷ ലഭിച്ചിട്ടും ആനുകൂല്യം ലഭ്യമാക്കാതെ താമസിപ്പിക്കുന്ന സമീപനം തിരുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?